**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2375** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോന്നി സി.എഫ്.ആർ.ഡി. യിലെ ദിവസ വേതനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി സി.എഫ്.ആർ.ഡി. യിൽ നിലവിൽ എത്ര ജീവനക്കാർ താൽക്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു എന്നറിയിക്കുമോ; അതിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ട്; പേര് വിവരം ലഭ്യമാക്കുമോ; | (എ) | കോന്നി സി.എഫ്.ആർ.ഡി. യിൽ നിലവിൽ പതിനഞ്ചു പേർ കരാർ അടിസ്ഥാനത്തിലും അഞ്ചു പേർ ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. അതിൽ ശ്രീ. പുഷ്പ കുമാർ പി എന്നയാൾ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നു. ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്ത ശേഷം പിരിച്ചുവിടണമെന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്ത ശേഷം പിരിച്ചുവിടണമെന്ന 26/2/2016 ലെ സ. ഉ. (പി) 28/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ ഇവിടെ പാലിച്ചിട്ടുണ്ടോ; | (ബി) | കോന്നി സി.എഫ്.ആർ.ഡി. യിൽ നിലവിൽ പതിനഞ്ചു പേർ കരാർ അടിസ്ഥാനത്തിലും അഞ്ചു പേർ ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. അതിൽ ശ്രീ. പുഷ്പ കുമാർ പി എന്നയാൾ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നു. ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്ത ശേഷം പിരിച്ചുവിടണമെന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഡ്രൈവർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നു മുതൽക്കാണ് ഈ സ്ഥാപനത്തിൽ ജോലിക്ക് ചേർന്നതെന്നും അവർ എത്ര വർഷമായി ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ടെന്നും വിശദമാക്കുമോ; ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലെ ഡ്രൈവർ 01/02/2011 മുതൽ സി.എഫ്.ആർ.ഡി യിൽ ഡ്രൈവർ ജോലി ചെയ്തു വരുന്നു. സി.എഫ്.ആർ.ഡി സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമം പ്രകാരമാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. |
| (ഡി) | ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്ന എത്ര പേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്; പേര് വിവരം ലഭ്യമാക്കുമോ; | (ഡി) | 2012-2013 വർഷത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.നടരാജൻ എന്നയാൾക്ക് 28/09/2015 മുതൽ, ടിയാളുടെ അപേക്ഷ പ്രകാരം, ഡ്രൈവർ തസ്തികയിൽ നിയമനം നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സി.എഫ്.ആർ.ഡി. യിൽ കൃത്യ വിലോപം നടത്തിയതിന് എത്ര ദിവസ വേതന ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ട്; പേര് വിവരവും പിരിച്ചു വിടാനുള്ള കാരണവും വ്യക്തമാക്കുമോ; ഇപ്രകാരം ഒരിക്കൽ പിരിച്ചു വിട്ട ആർക്കെങ്കിലും പുനർ നിയമനം നൽകിയിട്ടുണ്ടോ? | (ഇ) | സി.എഫ് ആർ.ഡി യിൽ കൃത്യവിലോപം നടത്തിയതിന് ഡ്രൈവർമാരെ പിരിച്ചുവിട്ടുകൊണ്ട് പ്രസ്തുത കാര്യാലയത്തിൽ നിന്നും നടപടിക്രമം പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ